## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1443 | 03.12.2018-ന് മറുപടിയ്ക്ക് |
|---|---|

**<u>മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ്</u>**

| | ചോദ്യം<br><br>ശ്രീ. അനൂപ് ജേക്കബ് | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് 11/1-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ; | (എ) യും (ബി) യും | പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിനുവേണ്ടി 0.5038 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 24/10/2018-ന് സി6-56450/13 നമ്പർ പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 29/12/2017-ലെ ജി.ഒ (എം.എസ്) 448/2017/റവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും ഭൂമി നഷ്ടപ്പെടുന്നവർക്കുമായി പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കരട് പാക്കേജ് തയ്യാറാക്കിയിട്ടുള്ളതാണ്. പുനരധിവാസ പാക്കേജ് അനുവദിച്ചതിനുശേഷം 19(1) പ്രഖ്യാപനം നടത്തി അവാർഡ് പാസ്സാക്കി സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ